മണീടു് ഗവൺമെൻറു് ഡിസു്പെൻസറി കെട്ടിടം

454. [568] ശ്രീ. ബെന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണീടു് ഗവൺമെൻറു് ഡിസു്പെൻസറിയുടെ പുതിയ കെട്ടിടത്തിൻെറ പണിപൂർത്തീകരിച്ചെങ്കിലും പ്രവർത്തനം തുടങ്ങാതിരിക്കുന്നതു് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്രയുംവേഗം പ്രവർത്തനം തുടങ്ങുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ടു്.

(ബി) ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണു്.

മുളന്തുരുത്തി ഗവൺമെൻറു് ആശുപത്രി

455.[569] ശ്രീ. ബന്നിബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുളംതുരുത്തി ഗവൺമെൻറു് ആശുപത്രിയിൽ പുതിയ ഒരു വാർഡു് പണിയണമെന്ന ആവശ്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻെറ നടപടി എന്നു തുടങ്ങുമെന്നു് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ടു്.

(ബി) സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്ന മുറക്കു് മുളംതുരുത്തി ആശുപത്രിക്കു് പുതിയ വാർഡു് നിർമ്മിക്കുന്ന കാര്യം പരിഗണിക്കുന്നതാണു്.

കരകുളം ഹോമിയോ ആശുപത്രി

456. [570] ശ്രീ. കെ. വി. സുരേന്ദ്രനാഥു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാടു് മണ്ഡലത്തിൽ കരകുളം പഞ്ചായത്തിലെ ഹോമിയോ ആശുപത്രിക്കുവേണ്ടി എത്ര കിടക്കകൾ അനുവദിച്ചിട്ടുണ്ടു് ;

(ബി) ഈ ആശുപത്രിക്കു് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനു് നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണെന്നു് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇരുപത്തഞ്ചു് (25) കിടക്കകൾ അനുവദിച്ചു.

(ബി) അൻപതു് (50) സെൻറു് സ്ഥലം കരകുളം പഞ്ചായത്തു് കെട്ടിടം പണിയുന്നതിനായി വാങ്ങിയിട്ടുണ്ടു്. എന്നാൽ കെട്ടിടം പണിയുകയോ ഈ സ്ഥലം ഗവൺമെൻറിനു് സറണ്ടർ ചെയ്യുകയോ ചെയ്തിട്ടില്ല.

(സി) നടപടികൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly